# സുഫ്‌യാൻ അഥ്ഥൗരി (رحمه الله)

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

### പേരും കുടുംബവും

പേര്: സുഫ്‌യാൻ ബ്നു സഈദ്ബ്നു മസ്റൂഖ് അഥ്ഥൗരി. ഥൗർബ്നു അബ്ദു മനാത്തബ്നു അദ്ദിബ്നു ത്വാൻജബ്നു ഇൽയാസ്ബ്നു മുള്വർബ്നു നിസാർ ബ്നു മഹദ്ദിബ്ന അദ്നാൻ ആണ് കുടുംബ പരമ്പര, സുഫ്‌യാനിന്റെ കുടുംബ പരമ്പരയും റസൂൽ(ﷺ)യുടെ പരമ്പരയും 'ഇൽയാസ്ബ്നു മുളറിൽ' യോജിക്കുന്നു. അപരനാമം: അബൂ അബ്ദുല്ലാഹ്.

### ജനനവും ബാല്യവും

ഹിജ്റ 97ൽ കൂഫയിലാണ് ജനനം. അവിടെ തന്നെയാണ് വളർന്നതും. സുഫ്‌യാനു ഥൗരി(رحمه الله)യുടെ ജനന കാലത്ത് കൂഫ വിജ്ഞാനത്തിലും, പ്രവാചക സുന്നത്തിലും പ്രശോഭിക്കുകയും, ചുറ്റു ഭാഗങ്ങളിലേക്ക് അതിന്റെ പ്രഭ പരത്തിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഹദീഥിലും, ഫിഖ്ഹിലും, കള്വാഇലും, ഭാഷയിലും നിപുണരായ, ഉന്നതരായ പത്ത്ക്കണക്കിന് പണ്ഡിതൻമാർ നിറഞ്ഞ് നിന്നിരുന്നതിനാൽ വൈജ്ഞാനിക മേഖലയിലെക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ സുഫ്‌യാൻ ഥൗരി(رحمه الله)ക്ക് സാധിക്കുകയുണ്ടായി. അതോടൊപ്പം തന്നെ പിതാവ് സഈദ്ബ്നു മസ്റൂഖ്(رحمه الله) കൂഫയിലെ ഹദീഥ് പണ്ഡിതനും താബിഉകളിൽ പെട്ടയാളുമായിരുന്നു. പിതാവിൽ നിന്ന് ഇമാം ബുഖാരിയും, മുസ്‌ലിമും, മറ്റു സുനനുകളുടെ കർത്താക്കളും ഹദീഥുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹിജ്റ 126 ലാണ് പിതാവ് വഫാത്താകുന്നത്. വൈജ്ഞാനിക മേഖലയിൽ മാതാവിൽ നിന്നും അകമഴിഞ്ഞ പ്രോൽസാഹനമാണ് സുഫ്‌യാനു ഥൗരി(رحمه الله)ക്ക് ലഭിച്ചത്. സുഫ്‌യാനു ഥൗരി(رحمه الله)ക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അസാധാരണമായ ബുദ്ധി വൈഭവവും, ഓർമ്മശക്തിയുമുണ്ടായിരുന്നുവെന്ന് ചരിത്ര ഗ്രന്ഥങ്ങളും, ചരിത്രകാരൻമാരും നമുക്ക് പറഞ്ഞു തരുന്നു.

### ഗുരുനാഥന്മാരും ശിഷ്യഗണങ്ങളും

സുഫ്‌യാനു ഥൗരി(رحمه الله)ക്ക് ഒരുപാട് താബിഉകളെ കണ്ടുമുട്ടുവാനും, അവരിൽ നിന്ന് ധാരാളം ഹദീഥുകൾ റിപ്പോർട്ട് ചെയ്യുവാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ചില ചരിത്രകാരൻമാർ വ്യക്തമാക്കുന്നത് സുഫ്‌യാനുഥൗരി(رحمه الله)ക്ക് ഏകദേശം മുന്നൂറ് ശൈഖുമാരുണ്ടായിരുന്നുവെന്ന്. അവരിൽ പ്രധാനികൾ:

- ഹബീബ്ബ്നു അബൂഥാബിത്(رحمه الله)
- സൽമബ്നു കുഹൈൽ(رحمه الله)
- സിയാദ്ബ്നു അല്ലാഖ(رحمه الله)
- അംറുബ്നു മുർറ(رحمه الله)
- മുഹമ്മദ്ബ്നു അൽ മുൻകദിർ(رحمه الله)

ഇമാം ദഅബി(رحمه الله) പറയുന്നത് സുഫ്യാനു ഥൗരി(رحمه الله)ക്ക് അറുന്നൂറ് ശൈഖുമാരുണ്ടായിരുന്നു, അവരിൽ പ്രധാനികൾ: അബൂഹുറൈറ(رضي الله عنه), ജരീറുബ്നു അബ്ദുല്ലാഹ്(رضي الله عنه), ഇബ്നു അബ്ബാസ്(رضي الله عنه) പോലെയുള്ളവർ.

അദ്ദേഹത്തിൽ നിന്ന് ഒരുപാടാളുകൾ വിജ്ഞാനം നേടിയിട്ടുണ്ട്: അഅ്മഷ്(رحمه الله), അബൂഹനീഫ(رحمه الله), ഔസാഇ(رحمه الله), മിസ്അർ(رحمه الله), ശുഅ്ബ(رحمه الله) പോലെയുള്ള വലിയ വലിയ ഇമാമുമാർ ശിഷ്യൻമാരാകുന്നു.

**വിജ്ഞാനത്തിലുള്ള സ്ഥാനം**

സുഫ്യാനു ഥൗരി(رحمه الله)ക്ക് ഇസ്ലാമിക വിജ്ഞാന ലോകത്ത് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. ശുഅ്ബ(رحمه الله), ഇബ്നു ഉയൈയ്ന(رحمه الله), അബൂ ആസ്വിം(رحمه الله), യഹ്യബ്നു മഈൻ(رحمه الله) പോലെയുള്ളവർ പറയുന്നത്: സുഫ്യാനു ഥൗരി ഹദീഥിൽ വിശ്വാസികളുടെ അമീറാകുന്നു എന്നാണ്.

അബ്ദുല്ലാഇബ്നു മുബാറക്(رحمه الله) പറയുന്നു: ഞാൻ ആയിരത്തി ഒരുനൂറ് ശൈഖൻമാരിൽ നിന്ന് വിജ്ഞാനം രേഖപ്പെടുത്തിയിട്ടുണ്ട്, അതിൽ സുഫ്യാൻ ഥൗരിയിൽ നിന്ന് രേഖപ്പെടുത്തിയതിനേക്കാൾ ശ്രേഷ്ടമായ ഒന്നും മറ്റു ശൈഖുമാരിൽ നിന്ന് ഞാൻ രേഖപ്പെടുത്തിയിട്ടില്ല. തൻെറ വിജ്ഞാനം കൊണ്ടും, സഹനം കൊണ്ടും, വിരക്തി കൊണ്ടും ജന മനസ്സുകളിൽ വിവരണാതീതമായ സ്ഥാനവും സ്വീകാര്യതയും ലഭിക്കുകയുണ്ടായി. അത് ഇമാം അഹ്മദ്(رحمه الله) സുഫ്യാൻ ഥൗരി(رحمه الله)യെ സംബന്ധിച്ച് വിശേഷിപ്പിച്ചതിൽ നിന്നും നമുക്ക് കൃത്യമായി മനസിലാക്കാം. അദ്ദേഹം പറയുന്നു: നിങ്ങൾക്കറിയുമോ ആരാണ് ഇമാം എന്ന്? ഇമാം സുഫ്യാനു ഥൗരിയാണ്, എൻെറ ഹൃദയത്തിൽ അദ്ദേഹത്തേക്കാൾ ഞാൻ ആരെയും മുന്തിപ്പിക്കുന്നില്ല".

ഐഹികലോകത്തെ ഏറ്റവും ഉത്തമമായ വിജ്ഞാനം ഹദീഥ് പഠനമാണെന്ന് പറയുകയും മനസിലാക്കുകയും ചെയ്തത് കൊണ്ട് തന്നെ പ്രവാചകൻ(ﷺ)യുടെ ഹദീഥുകൾ പഠിക്കാനും, മനഃപാഠമാക്കാനും, ആളുകൾക്ക് എത്തിച്ച്കൊടുക്കുവാനും തൻെറ ജീവിതം തന്നെ സമർപ്പിച്ച മഹാനായിരുന്നു സുഫ്യാനു ഥൗരി (رحمه الله).

പ്രവാചകൻ(ﷺ)യിൽ നിന്ന് സ്വഹാബാക്കൾ ഏതൊരു വിശ്വാസമാണോ സ്വീകരിച്ചത് അതേ വിശ്വാസം തന്നെയായിരുന്നു ഈ മഹാനും സ്വീകരിച്ചിരുന്നത്. ഈമാനിൻെറ വിഷയത്തിലും, അല്ലാഹുവിൻെറ നാമവിശേഷണങ്ങളിലുള്ള വിശ്വാസത്തിലും, സ്വഹാബാക്കളുടെ വിഷയത്തിലുമെല്ലാം തന്നെ യഥാർത്ഥ അഹ്ലുസ്സുന്നത്തിൻെറ വിശ്വാസം മനസിലാക്കുകയും സ്വീകരിക്കുകയും, ജനങ്ങൾക്ക് പകർന്നു കൊടുക്കുകയും ചെയ്ത് കൊണ്ടാണ് മഹാനായ സുഫ്യാൻഥൗരി(رحمه الله) ജീവിതം കഴിച്ചു കൂട്ടിയിരുന്നത്.

വൈജ്ഞാനിക മേഖലയിലെ പടയോട്ടത്തിനിടക്ക് രാജ്യം ഭരിച്ചിരുന്ന ഭരണാധികാരികളിൽ നിന്ന് ഒരുപാട് പീഢനങ്ങളും പ്രയാസങ്ങളും ഈ മഹാന് നേരിടേണ്ടി വന്നിട്ടുണ്ട്, അതിലെല്ലാം ക്ഷമയവലംബിച്ച് മുന്നോട്ട് പോവുകയാണ് അദ്ദേഹം ചെയ്തത്.

**രോഗവും മരണവും**

**അബ്ദുർറഹ്മാനുബ്നു മഹ്ദി(رحمه الله) പറയുന്നു: സുഫ്‌യാനുഥൗരിക്ക് വയറിന് അസുഖം ബാധിച്ചു, ആ രാത്രി ഒരുപാട് തവണ വുദു ചെയ്യുകയുണ്ടായി, അദ്ദേഹത്തിന് കാര്യം ബോധ്യപ്പെടുകയും, തൻെറ വിരിപ്പിൽ നിന്ന് നിലത്തേക്കിറങ്ങി തൻെറ മുഖം ഭൂമിയിൽ വെച്ചു കൊണ്ട് പറയുകയുണ്ടായി: ഓ, അബ്ദുർറഹ്മാൻ! മരണം എത്ര കഠിനം! അങ്ങിനെ ഹിജ്റ: 161ൽ ശഅബാൻ മാസത്തിൽ മഹാനവർകൾ വഫാത്താവുകയുണ്ടായി. അങ്ങിനെ അദ്ദേഹത്തിൻെറ ജനാസയിൽ ധാരാളമാളുകൾ പങ്കെടുക്കുകയും, ജനാസ നമസ്കാരത്തിന് ബസ്വറയിൽ വെച്ച് അദ്ദേഹത്തിൻെറ വസ്വിയ്യത്തിനനുസരിച്ച് അബ്ദുർ റഹ്മാൻബ്നു അബ്ദുൽ മലിക്ബ്നു അബ്ജറുൽ കൂഫി നേതൃത്വം നൽകുകയും ചെയ്തു.**

*അവലംബം:*
*ഇമാം 'ദഹബിയുടെ' 'സിയറുഅഅ്‌ലാമുന്നുബലാഹ്'; വാള്യം ഏഴ്, പേജ്: 229 മുതൽ 289 വരെ.*